## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3052**
**20.06.2014 ലെ മറുപടിക്ക്**

### എല്ലാ ജില്ലകളിലും നോർക്കയ്ക്ക് മേഖലാ ഓഫീസ്

ചോദ്യം | മറുപടി

ശ്രീ. എ.എ. അസീസ്

ശ്രീ. കെ.സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ). നോർക്കയ്ക്ക് ഏതൊക്കെ ജില്ലകളിലാണ് മേഖലാ ഓഫീസുകളുള്ളത്;<br><br>(ബി) ഏതൊക്കെ ജില്ലകളിൽ മേഖലാ ഓഫീസുകൾ നിലവിലില്ല; | (എ)&.(ബി). നോർക്ക വകുപ്പിന് കീഴിൽ പ്രവർത്തിച്ചു വരുന്ന പൊതുമേഖലാ സ്ഥാപനമായ നോർക്ക റൂട്ട്സിന്റെ മേഖലാ ഓഫീസ് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ പ്രവർത്തിച്ചു വരുന്നു. വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന്റെ മേഖലാ ഓഫീസ് കോഴിക്കോടും എറണാകുളത്തും പ്രവർത്തിക്കുന്നു. കൂടാതെ മലപ്പുറം ജില്ലയിൽ ഒരു ലെയ്സൺ ഓഫീസും പ്രവർത്തിക്കുന്നു. |
| (സി) വിദേശ മലയാളികൾക്കു വേണ്ടി സൗകര്യപ്രദമായി, എല്ലാ ജില്ലകളിലും നോർക്കയുടെ മേഖലാ ഓഫീസുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) മേഖലാ ഓഫീസ് പ്രവർത്തിക്കുന്ന ജില്ലകളിലൊഴികെ മറ്റ് ജില്ലകളിൽ ജില്ലാ കളക്ടറേറ്റുകളോടനുബന്ധിച്ച് നോർക്ക റൂട്ട്സിന്റെ സെൽ ഘട്ടം ഘട്ടമായി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, കോട്ടയം, കൊല്ലം എന്നീ ജില്ലകളിൽ ഇതിനകം നോർക്ക റൂട്ട്സ് സെല്ലുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ